## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 845.** **28.02.2018 ൽ മറുപടിയ്ക്ക്**

## ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കൗമാര പ്രായക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; | (എ) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം വ്യാപകമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും ഇത്തരക്കാർക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ? | (ബി) | ലഹരി പദാർത്ഥങ്ങളുടെ വാഹകരായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്.<br><br>സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് അതീവ ജാഗ്രത പുലർത്തി വരുന്നു. എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതാണ്.<br>ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' മുഖേന സ്വീകരിച്ചു വരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ 'വിമുക്തി' സജീവമായി നടപ്പാക്കി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതിനകം 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**